# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1946 — 05.12.2018 ൽ മറുപടിക്ക്

### സീറോ ടോളറൻസ് ടു കറപ്ഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ദാസൻ<br>,, .പി.വി.അൻവർ<br>പ്രൊഫ.കെ.യു.അരുണൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സീറോ ടോളറൻസ് ടു കറപ്ഷൻ എന്ന ലക്ഷ്യം നേടുന്നതിനായി സർക്കാർ വകുപ്പുകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | സീറോ ടോളറൻസ് ടു കറപ്ഷൻ എന്ന ലക്ഷ്യം നേടുന്നതിനായി എല്ലാ സർക്കാർ വകുപ്പുകളിലും ഇന്റേണൽ വിജിലൻസ് സംവിധാനം നിലവിലുണ്ട്.സംസ്ഥാനത്തെ ഏകദേശം എല്ലാ വകുപ്പുകളിലും വിജിലൻസ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥരെ സംബന്ധിക്കുന്ന അഴിമതി ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ലഭിക്കുന്ന പരാതികളിലും സോഴ്സ് റിപ്പോർട്ടുകളിലും ആവശ്യമായവയിൽ മിന്നൽ പരിശോധന, പ്രാഥമികാന്വേഷണം എന്നിവ നടത്തി ക്രമക്കേടുകൾ കണ്ടെത്തുന്ന അന്വേഷണങ്ങളിൽ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുകയും അഴിമതി നിരോധന നിയമത്തിന്റെ പരിധിയിൽ വരുന്ന കുറ്റകൃത്യങ്ങൾക്ക് വിജിലൻസ് കേസ് രജിസ്റ്റർചെയ്ത് അന്വേഷണം നടത്തി ആവശ്യമായവയിൽ കോടതിയിൽ കുറ്റപത്രം സമർപ്പിക്കുകയും ചെയ്യുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി വിവിധ വകുപ്പുകളിൽ അഴിമതി സൂചിക തയ്യാറാക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നിലവിൽ അഴിമതി സൂചിക തയ്യാറാക്കുന്നില്ല. |

| | | | |
|---|---|---|---|
| (സി) | അഴിമതി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് സർക്കാർ ജീവനക്കാർക്കും പൊതുജനങ്ങൾക്കുമായി എന്തെല്ലാം ബോധവത്ക്കരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; | (സി) | അഴിമതി വിമുക്ത കേരളം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി വിജിലൻസിനെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിനും അഴിമതി കുറച്ചുകൊണ്ടുവരുന്നതിനുമായി ദൃശ്യമാധ്യമങ്ങൾ വഴിയും എഫ്.എം ചാനൽ വഴിയും വിവിധ തരത്തിലുള്ള ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. എല്ലാ വർഷവും അഴിമതി വിരുദ്ധവാരാചരണം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ നടത്തുകയും ഇതിന്റെ ഭാഗമായി സെമിനാറുകൾ, മറ്റു ചർച്ചകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ബുക്ക് ലെറ്റുകൾ, പാംലെറ്റുകൾ തുടങ്ങിയവ ഉപയോഗിച്ചും ബോധവൽക്കരണം നടത്തുന്നു. |
| (ഡി) | സർക്കാർ ഓഫീസുകൾ അഴിമതിരഹിതമാക്കുന്നതിന് വിവര സാങ്കേതിക വിദ്യയുടെ എന്തെല്ലാം സാധ്യതകളാണ് പ്രയോജനപ്പെടുത്തി വരുന്നതെന്ന് വിശദമാക്കാമോ? | (ഡി) | സർക്കാർ ഓഫീസുകൾ അഴിമതി രഹിതമാക്കുന്നതിന് മിക്ക വകുപ്പുകളിലും ഫയൽ നീക്കം ഇലക്ട്രോണിക് മാധ്യമത്തിലൂടെ ആക്കിയിട്ടുണ്ട്. ഈ സംവിധാനത്തിൽ പൊതു ജനങ്ങൾക്ക് അവർ സമർപ്പിച്ചിരിക്കുന്ന അപേക്ഷകൾ സംബന്ധിച്ച വിവരം യഥാസമയം മനസ്സിലാക്കാൻ സാധിക്കുന്നു. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ഫയൽ നീക്കത്തിനായി ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസിംഗ് സിസ്റ്റം (iAPS) ആരംഭിച്ചിട്ടുണ്ട്. ഡിജിറ്റൽ തെളിവുകൾ സ്വീകരിക്കുന്നതിനും കേസന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ സെല്ലുകൾ ആരംഭിച്ചി ട്ടുണ്ട്. വിജിലൻസിന്റെ കൈവശമുള്ള ഫയലുകളും രേഖകളും ഡിജിറ്റലൈസ് ചെയ്തു സൂക്ഷിക്കുന്നതിനായി D-SPACE |

| | | | |
|---|---|---|---|
| | | | എന്ന ആർക്കൈവ് സംവിധാനം ആരംഭിക്കുന്നുണ്ട്. വിജിലൻസ് യൂണിറ്റുകൾ തമ്മിലും വിജിലൻസ് ആസ്ഥാനവുമായും വാർത്താ വിനിമയ സംവിധാനത്തിനായി സി.ഒ.ബി മെസ്സേജ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. |

Rahul

**സെക്ഷൻ ഓഫീസർ**